പഠനം

◆

കെ.ടി ഹുസൈൻ

# ഉമർ ഖാദി, മഖ്ദി തങ്ങൾ: അതിജീവനസമരത്തിന്റെ രണ്ട് മുഖങ്ങൾ

**പത്തൊമ്പതാം** നൂറ്റാണ്ടിന്റെ ആരംഭത്തോടെ മലബാറിൽ ബ്രിട്ടീഷ് ഭരണം ഉറച്ചുകഴിഞ്ഞിരുന്നു. ടിപ്പു സുൽത്താൻ തകർത്ത ജന്മിത്തത്തിന്റെ പുനഃസ്ഥാപനം മലബാറിലെ ബ്രിട്ടീഷ് ഭരണത്തെ കൂടുതൽ മർദകസ്വഭാവമുള്ളതാക്കി മാറ്റി. ജന്മിത്തത്തിന്റെ മുഴുവൻ പിന്തുണയും ഒത്താശയുമുണ്ടായിട്ടും ബ്രിട്ടീഷ് അധികാരികൾക്ക് തുടക്കം മുതൽതന്നെ മലബാറിൽ ശക്തമായ എതിർപ്പുകളായിരുന്നു നേരിടേണ്ടിവന്നത്. മലബാറിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം നേരിട്ട ആദ്യത്തെ വെല്ലുവിളി പഴശ്ശിരാജയും ഉണ്ണിമൂപ്പനും ചെമ്പൻ പോക്കറും അത്തൻ കുരിക്കളും ചേർന്നു നടത്തിയ സംഘടിത ചെറുത്തുനിൽപായിരുന്നു. കേരള ചരിത്രത്തിൽ സമുദായസഹവർത്തിത്വത്തിന്റെ തിളങ്ങുന്ന മാതൃക കാഴ്ചവെച്ച ഈ സമരം ബ്രിട്ടീഷ് അധികൃതരെ വിറകൊള്ളിച്ചുവെങ്കിലും ഒടുവിൽ അടിച്ചമർത്തപ്പെട്ടു. തുടർന്ന് വൈദേശികശക്തികളുടെ പിന്തുണയോടെ ജന്മിത്തം കുടിയാൻ പീഡനം കർക്കശവും സുശക്തവുമാക്കിയപ്പോൾ മാപ്പിളമാരുടെ നേതൃത്വത്തിൽ ജന്മിമാർക്കും കമ്പനിഭരണകൂടത്തിനുമെതിരെ മലബാറിന്റെ ഉൾനാടുകളിൽ രക്തരൂഷിതമായ നിരവധി പോരാട്ടങ്ങൾ അരങ്ങേറുകയുണ്ടായി. 1831-1851 കാലയളവിലാണ് ഈ സമരങ്ങൾ രൂക്ഷമായത്. ഈ കാലത്തുതന്നെ അമ്പതോളം കലാപങ്ങളിലായി മുന്നൂറിലധികം മാപ്പിളമാർ രക്തസാക്ഷികളായി. ഇംഗ്ലീഷ് ചരിത്രമെഴുത്തുകാരും മറ്റും മാപ്പിളമാരുടെ ഹാലിളക്കമായി ഭർത്സിക്കാൻ ശ്രമിച്ച ഈ സമരങ്ങളാണ് യഥാർഥത്തിൽ, പിൽക്കാലത്ത് മലപ്പുറം ജില്ലയായി മാറിയ ഏറനാട്-വള്ളുവനാട് പ്രദേശങ്ങളുടെ സ്വത്വരൂപീകരണത്തെ സ്വാധീനിച്ച നിർണായക ഘടകങ്ങളിലൊന്ന്. ഈ സമരങ്ങളിൽ അധികവും നടന്നത് മലബാറിന്റെ തെക്കും കിഴക്കും ഭാഗങ്ങളിലായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസ് അധിനിവേശത്തിനെതിരെയുള്ള പോരാട്ടത്തിന്റെ സ്മരണകൾ ഉറങ്ങുന്ന പൊന്നാനിയും വെളിയങ്കോടും അടങ്ങുന്ന മലബാറിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ അക്കാലത്ത് ഏറക്കുറെ ശാന്തമായിരുന്നു. എന്നാൽ രക്തരൂഷിതമായ സമരങ്ങളായിട്ടല്ലെങ്കിലും അവിടം കേന്ദ്രീകരിച്ച് അതേ കാലത്തും അതിനു ശേഷവും ശൈലിവ്യത്യാസങ്ങളോടെ വേറൊരു രീതിയിൽ സാമ്രാജ്യത്വ വിരുദ്ധ സമരം നടക്കുന്നുണ്ടായിരുന്നു. സമാധാനപരമായ മാർഗത്തിൽനിന്നുകൊണ്ടുള്ള നിസ്സഹകരണസമരമായിരുന്നു അവയിലൊന്ന്. സമുദായത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതി ലക്ഷ്യം വെച്ചും പരിഷ്കരണം സാധിക്കുന്നതിനുമായി അടവുനയമെന്നോണം ഭരണകൂടവുമായി ഏറ്റുമുട്ടാത്ത രീതിയിൽ സാമ്രാജ്യത്വത്തിന്റെ സാംസ്കാരിക അധിനിവേശത്തിനെതിരെയുള്ള പോരാട്ടമായിരുന്നു മറ്റൊന്ന്. വ്യത്യസ്ത ശൈലികളിലുള്ള ഈ പോരാട്ടങ്ങളുടെ ഉപജ്ഞാതാക്കൾ ഒരേ കാലക്കാരല്ലെങ്കിലും ഒരേ നാട്ടുകാരും ഒരേ കേന്ദ്രത്തിൽനിന്ന് വിദ്യ അഭ്യസിച്ചവരുമായിരുന്നു. വൈജ്ഞാനികാടിത്തറയുള്ളതും സമാധാനപരവുമായിരുന്നുവെന്നതാണ് അവ രണ്ടിന്റെയും പൊതുവായ സവിശേഷത. സാമ്രാജ്യത്വ ഭരണത്തിനെതിരെ ഇന്ത്യയിൽ നികുതിനിഷേധ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ഉമർ ഖാദിയും അധിനിവേശത്തിന്റെ സാംസ്കാരിക മുഖമായ ക്രൈസ്തവവത്കരണത്തിനെതിരെ നാവും തൂലികയും പടവാളാക്കി ആഞ്ഞടിച്ച സയ്യിദ് സനാഉല്ലാ മഖ്ദി തങ്ങളുമാണ് സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിലെ ഈ രണ്ട് ധാരകളെ പ്രതിനിധീകരിച്ചവർ. ഇവർ രണ്ടു പേരും മുസ്‌ലിം സാംസ്കാരിക കേന്ദ്രമായിരുന്ന പൊന്നാനിയിൽനിന്ന് നാല് കിലോമീറ്റർ അകലെയുള്ള വെളിയങ്കോട് സ്വദേശികളും മലബാറിലെ ഉന്നത മതപഠന കേന്ദ്രമായിരുന്ന പൊന്നാനി ദർസിൽ പഠിച്ചവരുമായിരുന്നു. കൂടാതെ ഉമർ ഖാദിയുടെ പ്രധാന ശിഷ്യനായ സയ്യിദ് അഹ്മദ് തങ്ങളുടെ പുത്രനാണ് മഖ്ദി തങ്ങൾ എന്നതും ഇരുവരെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ്. ഉമർ ഖാദി പരമ്പരാഗത മതവിജ്ഞാനത്തിന്റെയും മതബോധത്തിന്റെയും അടിത്തറയിൽനിന്ന് അധിനിവേശഭരണകൂടത്തോട് നിസ്സഹകരണം പ്രഖ്യാപിച്ചപ്പോൾ, പരമ്പരാഗത മതവിജ്ഞാനത്തോടൊപ്പം ആധുനികവിജ്ഞാനം കൂടി കരസ്ഥമാക്കിയ മഖ്ദി തങ്ങൾ സാംസ്കാരികാധിനിവേശത്തെ ശക്തിയായി ചെറുക്കുന്നതിനും, സർ സയ്യിദ് അഹ്മദ് ഖാനെ മാതൃകയാക്കി ഭരണകൂടവുമായി താൽക്കാലിക അനുരഞ്ജനത്തിലെത്തി പൊതുജീവിതത്തിൽനിന്ന് പുറംതള്ളപ്പെട്ട സമുദായത്തിന്റെ സാമൂഹിക, വിദ്യാഭ്യാസ സംസ്കരണത്തിനുമാണ് മുന്നിട്ടിറങ്ങിയത്. രീതി വ്യത്യസ്തമാണെങ്കിലും ഇരുവരുടെയും ലക്ഷ്യം അധിനിവേശം സൃഷ്ടിച്ച സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക പ്രതിസന്ധികളിൽനിന്നുള്ള സമുദായത്തിന്റെ അതിജീവനവും സ്വത്വസംരക്ഷണവുമായിരുന്നു.

## ഉമർ ഖാദി

വെളിയങ്കോട് കാക്കത്തറ തറവാട്ടിലെ ആലി മുസ്‌ലിയാരുടെയും ആമിനയുടെയും മകനായി ഹിജ്റ 1117/ക്രി.വ. 1765-ലാണ് ഉമർ ഖാദിയുടെ ജനനം. ഏഴാമത്തെയോ എട്ടാമത്തെയോ വയസ്സിൽ മാതാവ് മരണപ്പെട്ടു. ഉമർ ഖാദിയുടെ പ്രഥമ ഗുരുനാഥൻ പിതാവ് തന്നെയായിരുന്നു. ഖുർആൻ പാരായണവും, കർമശാസ്ത്രത്തിന്റെയും അറബി വ്യാകരണത്തിന്റെയും പ്രാഥമിക പാഠങ്ങളും അദ്ദേഹം പിതാവിൽനിന്ന് പഠിച്ചു. പക്ഷേ പത്താമത്തെ വയസ്സിൽ പിതാവും മരണപ്പെട്ടു. അതോടെ തീർത്തും അനാഥനായ ഉമർ ഖാദി താനൂരിലെ പ്രശസ്തമായ ദർസിൽ തുന്നംവീട്ടിൽ അഹ്മദ് കോയ മുസ്‌ലിയാരുടെ കീഴിൽ പഠനം തുടർന്നു. പഠിക്കുമ്പോൾ തന്നെ കവിതാവാസന

യുണ്ടായിരുന്ന ഉമർ ഖാദി പള്ളിഭിത്തിയിൽ അറബിയിൽ ഒട്ടേറെ കവിതകൾ എഴുതിവെച്ചിരുന്നു. താനൂരിലെ പഠനത്തിനുശേഷം പൊന്നാനി ദർസിൽ അക്കാലത്തെ പ്രഗത്ഭ പണ്ഡിതനായിരുന്ന മമ്മിക്കുട്ടി ഖാദിയുടെ ശിഷ്യത്വം സ്വീകരിച്ചു. ഉമർ ഖാദിയുടെ ജീവിതത്തെ ഏറെ സ്വാധീനിച്ച ഗുരുനാഥനാണ് മമ്മിക്കുട്ടി ഖാദി. വിവിധ വിജ്ഞാനശാഖകളിൽ അഗാധ പണ്ഡിതനായിരുന്നു മമ്മിക്കുട്ടി ഖാദി. ശരീഅത്ത് മുറുകെപ്പിടിച്ച് സൂഫി മാർഗത്തിൽ സഞ്ചരിച്ച മമ്മിക്കുട്ടി ഖാദിയിൽനിന്ന് വിജ്ഞാനത്തോടൊപ്പം ആത്മീയശിക്ഷണവും ഉമർ ഖാദി കരസ്ഥമാക്കി. പൊന്നാനി ദർസിൽ യാതൊരു പ്രതിഫലവും കൂടാതെയായിരുന്നു മമ്മിക്കുട്ടി ഖാദി പഠിപ്പിച്ചിരുന്നത്. സാത്വികനും മാതൃകാജീവിതത്തിനുടമയുമായിരുന്ന ഗുരുനാഥന്റെ നല്ല ഗുണങ്ങൾ ജീവിതത്തിൽ പകർത്തിയ ഉമർ ഖാദി മമ്മിക്കുട്ടി ഖാദി രോഗം ബാധിച്ച് ശയ്യാവലംബിയായപ്പോൾ മരണം വരെ അദ്ദേഹത്തെ ശുശ്രൂഷിക്കുകയുണ്ടായി.

മമ്പുറം സയ്യിദ് അലവി തങ്ങളുമായും ഉമർ ഖാദിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. സയ്യിദ് അലവി തങ്ങളുടെ ആത്മീയ വ്യക്തിത്വവും സാമ്രാജ്യത്വവിരുദ്ധ നിലപാടുകളുമാണ് ഉമർ ഖാദിയെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്. സയ്യിദ് അലവി തങ്ങളുടെ മതപാണ്ഡിത്യത്തിൽ തുടക്കത്തിൽ അദ്ദേഹത്തിന് സംശയം തോന്നിയിരുന്നുവത്രെ. അതിനാൽ അത് പരീക്ഷിച്ച് സംശയം അസ്ഥാനത്താണെന്ന് ബോധ്യം വന്നതിനു ശേഷം മാത്രമാണ് ഉമർ ഖാദി അദ്ദേഹവുമായി ബന്ധം സ്ഥാപിച്ചതെന്ന് പറയപ്പെടുന്നു. വർഷത്തിൽ നിരവധി തവണ അദ്ദേഹം വെളിയങ്കോട്ടുനിന്ന് മമ്പുറത്ത് വന്ന് അലവി തങ്ങളുടെ കൂടെ താമസിക്കുമായിരുന്നുവത്രെ.

## സാമൂഹികരംഗത്ത്

പാണ്ഡിത്യവും ജീവിതവിശുദ്ധിയും കൈമുതലാക്കി പൊതുരംഗത്തുവന്ന ഉമർ ഖാദി വിജ്ഞാന പ്രചാരണത്തിനും സാമൂഹിക പരിഷ്കരണത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചു. സ്വദേശമായ വെളിയങ്കോട് വലിയ ജുമുഅത്ത് പള്ളിയിൽ ഖാദിയായാണ് അദ്ദേഹത്തിന്റെ പൊതുജീവിതം ആരംഭിക്കുന്നത്. ഏറെക്കാലം കഴിയുന്നതിനു മുമ്പ് കോടഞ്ചേരി, പുന്നയൂർകുളം, ചാവക്കാട്, ചേറ്റുവ, കോതപറമ്പ് എന്നീ മഹല്ലുകളിലും അദ്ദേഹം ഖാദിയായി അവരോധിക്കപ്പെട്ടു. താനൂർ, പൊന്നാനി ദർസുകളിൽ ദീർഘകാലം അധ്യാപകനായും ഉമർ ഖാദി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള അദ്ദേഹത്തിന്റെ നിലപാടുകളും തറവാട്ടിന്റെ പേരിലുള്ള ദുരഭിമാന പ്രകടനത്തിനെതിരെ മുഖം നോക്കാതെയുള്ള വിമർശനവും ഉമർ ഖാദിക്ക് ഒരു സാമൂഹിക പരിഷ്കർത്താവിന്റെ മുഖം നൽകുന്നുണ്ട്. പ്രമാദമായ കൊണ്ടോട്ടി–പൊന്നാനി കൈത്തർക്കത്തിൽ പൊന്നാനി പക്ഷത്തിന്റെ പ്രധാന വക്താവായിരുന്നു ഉമർ ഖാദി. മുരീദുമാരെക്കൊണ്ട് തങ്ങൾക്ക് സുജൂദ് ചെയ്യിക്കുന്ന കൊണ്ടോട്ടി തങ്ങന്മാരുടെ നടപടിക്കെതിരെയുള്ള ഉമർ ഖാദിയുടെ വിമർശനം രൂക്ഷമായിരുന്നു. ഈ ഹീന നടപടിയെ വിമർശിച്ചുകൊണ്ട് ധാരാളം ഫത്വകൾ എഴുതിയതിനു പുറമെ അറബിയിൽ ഒരു കവിതയും അദ്ദേഹം രചിച്ചിരുന്നു; 'ആദരവിന്റെ സുജൂദ്' എന്ന പേരിൽ. കൊണ്ടോട്ടി പക്ഷ പണ്ഡിതന്മാർ ന്യായീകരിച്ചിരുന്ന ഈ സുജൂദിനെ മറയില്ലാത്ത ശിർക്കായാണ് ഉമർ ഖാദി വിശേഷിപ്പിച്ചത്.

പ്രാർഥനയിലും ആരാധനയിലും അല്ലാഹുവിന്റെ കൂടെ മറ്റാരെയും പങ്കുചേർക്കാനോ അല്ലാഹുവല്ലാത്ത മറ്റാരിൽനിന്നെങ്കിലും അഭൗതിക സഹായം പ്രതീക്ഷിക്കാനോ പാടില്ല എന്ന തൗഹീദ് വീക്ഷണത്തിൽ വിട്ടുവീഴ്ച ചെയ്യാത്ത പണ്ഡിതനായിരുന്നു ഉമർ ഖാദി. മമ്പുറം സയ്യിദ് അലവി തങ്ങളെ കുറിച്ചെഴുതിയ ഒരു വിലാപകാവ്യത്തിൽ ഉമർ ഖാദിയുടെ ഈ നിലപാട് സുതരാം വ്യക്തമാകുന്നുണ്ട്. അതിപ്രകാരം വായിക്കാം: "ജീവിതകാലത്തും മരണാനന്തരവും യാതൊരു നിലയിലുള്ള നന്മയും തിന്മയും ഉപകാരവും ഉപദ്രവവും എന്റെ നാഥനായ അല്ലാഹുവിൽനിന്നല്ലാതെ നീ കണ്ടെത്തുകയില്ല. ഉന്നതനായ അല്ലാഹുവിങ്കൽനിന്നല്ലാതെ നന്മയും തിന്മയും ഉപകാരവും ഉപദ്രവവും ഒരിക്കലും നിനക്ക് ലഭ്യമാകുന്നതുമല്ല." കേരളത്തിലാദ്യമായി മഖ്ബറ കേന്ദ്രീകരിച്ച് നേർച്ച നടന്നത് കാഞ്ഞിരപ്പള്ളി ഹമീദ് ഔലിയയുടെ മഖ്ബറയിലാണ്. ഈ നേർച്ചക്കെതിരെ ശക്തമായി ശബ്ദമുയർത്തിയവരുടെ കൂട്ടത്തിൽ ഉമർ ഖാദിയുമുണ്ടായിരുന്നു.

പൊന്നാനിയിലെയും പരിസരത്തെയും ധനാഢ്യരായ മുസ്ലിംകൾ തറവാടിന്റെ പേരിൽ അഹങ്കരിച്ചിരുന്നതിനെ വിമർശിച്ചുകൊണ്ട് ഇസ്ലാം മനുഷ്യസമത്വം ഉദ്ഘോഷിക്കുന്നതിനാൽ അതിന്റെ അനുയായികൾ തറവാടിത്തത്തിന്റെ പേരിൽ അഹങ്കരിക്കുന്നത് തനി വങ്കത്തമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആക്ഷേപഹാസ്യം സ്ഫുരിക്കുന്ന ഒരു കവിതയിലൂടെ അദ്ദേഹം ഈ ദുഷിച്ച പ്രവണതയെ ഇങ്ങനെ നേരിടുന്നുണ്ട്: "കുലമഹിമയിൽ അഭിമാനം നടിക്കുന്നവരേ, എന്തടിസ്ഥാനത്തിലാണ് നിങ്ങൾ അഭിമാനം നടിക്കുന്നത്? നിങ്ങളുടെ അടിസ്ഥാനത്തെക്കുറിച്ച് ചിന്തയുണ്ടോ? നിങ്ങളുടെ പൂർവികർ തിയ്യൻ, നായർ, ആശാരി, മൂശാരി, മണ്ണാൻ, പാണൻ, കുശവൻ, ചെട്ടി, നായാടി, പറയൻ മുതലായവരിൽനിന്ന് മുമ്പ് മതപരിവർത്തനം ചെയ്തവരത്രെ." ഹിന്ദുമതത്തിലെ ഉച്ചനീചത്വങ്ങൾ ചെറിയ തോതിൽ മുസ്ലിം സമുദായത്തിലേക്കും പകരുന്നതിന്റെ ലക്ഷണമായാണ് തറവാടിന്റെ പേരിലുള്ള അഭിമാനപ്രകടനത്തെ ഉമർ ഖാദി കണ്ടത്. സമത്വം ഉദ്ബോധിപ്പിക്കുന്ന ഇസ്ലാമിൽ ഇതിന് യാതൊരു സ്ഥാനവുമില്ലാത്തതുകൊണ്ടു മാത്രമല്ല, കീഴാള വിഭാഗം ഇസ്ലാമിന്റെ വിമോചന പാതയിലേക്ക് കടന്നുവരുന്നതിനെ അത് ദോഷകരമായി ബാധിക്കുമെന്നതിനാൽ കൂടിയാണ് ഉമർ ഖാദി അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചത്.

മതാനുഷ്ഠാനങ്ങളിൽ അലസത കാണിക്കുകയോ അധർമങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നവരെ ഉമർ ഖാദി മുഖം നോക്കാതെ എതിർത്തിരുന്നു. അദ്ദേഹം ഖാദിയായ മഹല്ലിൽ നമസ്കാരം ഉപേക്ഷിക്കാൻ എത്ര വലിയ പ്രമാണിക്കും ധൈര്യമുണ്ടായിരുന്നില്ല. മതവിഷയങ്ങളോടൊപ്പം കുടുംബപരവും സാമൂഹികവുമായ പ്രശ്നങ്ങളിലും പരിഹാരം തേടി ആളുകൾ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹത്തിന്റെ മഹല്ലിൽനിന്ന് ഒരു കേസ് പോലും കോടതിയിലെത്തിയിരുന്നില്ല. അദ്ദേഹം നിർദേശങ്ങളോ പരിഹാരങ്ങളോ കൽപിക്കുന്ന തീർപ്പുകൾ അംഗീകരിക്കാൻ ആർക്കും പ്രയാസമുണ്ടായിരുന്നില്ല. ഭരണകൂടത്തിന്റെ അധികാരസ്ഥാപനങ്ങളെ അപ്രസക്തമാക്കുന്ന തരത്തിൽ സിവിൽ സമൂഹത്തിൽ ഇസ്ലാമികനേതൃത്വം നേടിയെടുക്കേണ്ട സ്വാധീനത്തിന്റെ ഒരു കേരള മാതൃക ഉമർ ഖാദിയിൽ കാണാനാകും. സമാധാനഭംഗമുണ്ടാക്കുന്ന കലാപങ്ങൾക്ക് ആഹ്വാനം ചെയ്യാതിരുന്നിട്ടുപോലും ഉമർ ഖാദി അപകടകാരിയാണെന്ന് റിപ്പോർട്ട് കൊടുക്കാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ പ്രേരിപ്പിച്ചത്, അധികാര കേന്ദ്രങ്ങളിൽ പങ്കാളിത്തമോ സാമീപ്യമോ ഒന്നുമില്ലാതിരുന്നിട്ടും സിവിൽ സമൂഹത്തിൽ അദ്ദേഹം നേടിയെടുത്ത ഈ ആധികാരികസ്ഥാനമാണ്. 'സാമ്രാജ്യത്തിനുള്ളിലെ സാമ്രാജ്യം' എന്ന് മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങളെ ബ്രിട്ടീഷ് അധികാരികൾ വിശേഷിപ്പിച്ചതിന്റെ പശ്ചാത്തലവും മറ്റൊന്നല്ല. തങ്ങളുടെ കൈയിലുള്ള അധികാരം അപ്രസക്തവും നിർവീര്യവുമാണെന്നറിയുന്നതിനേക്കാൾ ഒരു ഭരണകൂടത്തെ പ്രകോപിപ്പിക്കുന്നതായി മറ്റൊന്നുമില്ല.

തനിക്ക് പാരിതോഷികമായും സമ്മാനമായും ലഭിക്കുന്നത് മുഴുവൻ പാവങ്ങൾക്കിടയിൽ വിതരണം നടത്തി ഉദാരതയുടെയും സഹാനുഭൂതിയുടെയും അഗതിസേവയുടെയും

ഇസ്‌ലാമിക പാഠങ്ങൾ ഉമർ ഖാദി പ്രബോധനം ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്ന് ഇസ്‌ലാമിന്റെ നന്മകൾ മനസ്സിലാക്കിയ പലരും ഇസ്‌ലാം സ്വീകരിച്ചു. അമുസ്‌ലിംകൾക്ക് ഇസ്‌ലാം പരിചയപ്പെടുത്തിക്കൊടുക്കുന്നതിലും അദ്ദേഹം പ്രത്യേകം താൽപര്യമെടുത്തിരുന്നു.

## നികുതിനിഷേധ പ്രസ്ഥാനം

സാമൂഹികമണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ പരിമിതമാക്കാതെ തന്റെ കാലഘട്ടം അഭിമുഖീകരിച്ച മുഖ്യ രാഷ്ട്രീയ പ്രശ്നത്തിലും ഉമർ ഖാദി സജീവമായി ഇടപെടുകയുണ്ടായി. സാമൂഹിക, സാംസ്കാരിക പ്രശ്നങ്ങളുടെ അടിസ്ഥാന കാരണങ്ങളിലൊന്ന് വൈദേശികാധിനിവേശമാണെന്ന് തിരിച്ചറിയാൻ മതത്തെയും രാഷ്ട്രീയത്തെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായി മനസ്സിലാക്കിയ ആ മതപണ്ഡിതന് പ്രയാസമുണ്ടായില്ല. ഉറച്ച സാമ്രാജ്യത്വവിരോധിയായിരുന്ന മമ്പുറം സയ്യിദ് അലവി തങ്ങളുടെ ശിഷ്യനായ ഉമർ ഖാദിക്ക് സാമ്രാജ്യത്വവും ജന്മിത്തവും അടിച്ചേൽപിച്ച അനീതിക്കെതിരെ ശബ്ദമുയർത്താതിരിക്കാനോ, നിലനിൽക്കുന്ന ചൂഷണവ്യവസ്ഥയോട് രാജിയാകാനോ കഴിയുമായിരുന്നില്ല. സാമ്രാജ്യത്വത്തെ നേരിടുന്നതിനും തന്റെ ജനതയിൽ സ്വാതന്ത്ര്യബോധവും രാഷ്ട്രീയ പ്രബുദ്ധതയും ഉണർത്തുന്നതിനും നികുതിനിഷേധം എന്ന പുതിയൊരു സമരായുധമാണ് ഉമർ ഖാദി എടുത്തുപയോഗിച്ചത്. സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് ഉമർ ഖാദിയുടെ ഏറ്റവും വലിയ സംഭാവനയായിരുന്നു അത്. തന്റെ കാലഘട്ടത്തിലെ ഏറ്റവും ശക്തനായ ബ്രിട്ടീഷ് വിരോധികളിൽ ഒരാളാണ് ഉമർ ഖാദിയെന്നാണ്, സദർ അദാലത്ത് കോടതിയിലെ ജഡ്ജി സ്ട്രെയിൻജ് മദ്രാസ് ഗവർണർക്ക് റിപ്പോർട്ട് കൊടുത്തത്. കൊണാലിയുടെ ഭരണകാലത്ത് മുസ്‌ലിം നേതാക്കളെ തടവിലാക്കാനും നാടുകടത്താനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തത് ഉമർ ഖാദിയിൽ ബ്രിട്ടീഷ്‌വിരോധം തീവ്രമാക്കി. അന്യായമായും അമിതമായും നികുതി ചുമത്തുന്നതിനെയും അദ്ദേഹം ചോദ്യം ചെയ്തു. തദ്ദേശീയരുടെ അംഗീകാരമില്ലാത്ത അധിനിവേശ ഭരണകൂടത്തിന് നികുതി ചുമത്താൻ അധികാരമോ അവകാശമോ ഇല്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അധിനിവേശ ഭരണകൂടത്തിനു കീഴിൽ ജോലിചെയ്യുന്ന തദ്ദേശീയരായ ഉദ്യോഗസ്ഥരെയും അദ്ദേഹം വിമർശിച്ചു. നികുതി പിരിക്കാനായി തന്റെ വീട്ടിലെത്തിയ ഉദ്യോഗസ്ഥനോടും അധികാരിയോടും അദ്ദേഹം പറഞ്ഞ വാക്കുകൾ അധിനിവേശത്തോടുള്ള അദ്ദേഹത്തിന്റെ നിലപാടിന്റെ തുറന്ന പ്രഖ്യാപനമായിരുന്നു: "ടിപ്പു സുൽത്താനെ കൊല്ലുകയും കൊച്ചി, കൊടുങ്ങല്ലൂർ, സാമൂതിരി തുടങ്ങിയ രാജസ്വരൂപങ്ങളെ തകർക്കുകയും ചെയ്ത ബ്രിട്ടീഷുകാരുടെ പാദസേവകരാണ് നിങ്ങൾ. വെള്ള നസ്രാണികളുടെ ഭരണത്തിൽ ഉദ്യോഗം വഹിക്കുന്നത് തന്നെ നിഷിദ്ധമാണ്. ഭൂമിയുടെ സാക്ഷാൽ ഉടമ അല്ലാഹുവാണ്. അതിനാൽ ദൈവത്തിന്റെ ഭൂമിക്ക് ഞാൻ നികുതി തരികയില്ല." ഉമർ ഖാദിയുടെ ഉറച്ച നിലപാട് കണ്ട നികുതി പിരിവുദ്യോഗസ്ഥൻ ചാവക്കാട് തുക്ടിയായിരുന്ന നീബു സായിപ്പിന് ഇപ്രകാരം റിപ്പോർട്ട് എഴുതി: "ബഹുമാനപ്പെട്ട തുക്ടി നീബു സായിപ്പ് അവറുകളുടെ സമക്ഷത്തിങ്കലിലേക്ക് വെളിയങ്കോട് അംശം നിവാസിയും സ്ഥലത്തെ മേനവനുമായ മോത്തേരി ശങ്കരമേനോൻ താഴ്മയോടെ അറിയിക്കുന്നത്. വെളിയങ്കോട്ടെയും പരിസരപ്രദേശത്തെയും പ്രധാന മാപ്പിള നേതാവും മതപുരോഹിതനുമായ ഉമർ മുസ്‌ലിയാർ (കാക്കത്തറയിൽ ആലി മുസ്‌ലിയാർ മകൻ) അയാളുടെ കൈവശമുള്ള വസ്തുവഹകൾക്ക് നികുതി തരുന്നതല്ലെന്ന് എന്നോടും അധികാരി അവറുകളോടും തീർത്തു പറഞ്ഞിരിക്കുന്നു. അയാളുടെ വീട്ടിൽ നികുതിപിരിവിന് പോയപ്പോൾ ഞങ്ങൾ രണ്ട് പേരെയും ആക്ഷേപിച്ചു. കൂട്ടത്തിൽ ബഹുമാനപ്പെട്ട രാജഭരണത്തെയും ദുഷിച്ചു. അദ്ദേഹത്തിൽനിന്ന് നികുതി ഈടാക്കാൻ ഞങ്ങൾ വല്ല ബലപ്രയോഗവും നടത്തിയാൽ അത് വലിയ ലഹളക്ക് കാരണമാകുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അതിനാൽ ഉമർ മുസ്‌ലിയാരുടെ കരംപിരിവ് കാര്യത്തിൽ അവിടുന്നു തന്നെ പറ്റിയ നടപടികൾ എടുക്കണമെന്ന് താഴ്മയോടെ ബോധിപ്പിക്കുന്നു." റിപ്പോർട്ട് കണ്ട് കുപിതനായ തുക്ടി സായിപ്പ് ചാവക്കാട് ഹെഡ് കോൺസ്റ്റബിളിനോട് ഉമർ ഖാദിയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞയച്ചു. ഖാദി പോലീസ് വാഹനത്തിൽ പോകാൻ കൂട്ടാക്കാതെ ഒരു മഞ്ചലിൽ ചാവക്കാട്ടേക്ക് പുറപ്പെട്ടു. അവിടെ എത്തുമ്പോഴേക്ക് അദ്ദേഹത്തിന്റെ കൂടെ ഒരു വൻജനാവലിയുണ്ടായിരുന്നു. ചോദ്യം ചെയ്യുകയാണെന്ന വ്യാജേന തുക്ടി അദ്ദേഹത്തോട് അപമര്യാദയായി പെരുമാറിയപ്പോൾ ഉമർ ഖാദി അദ്ദേഹത്തെ തുപ്പിയതായും തടയാൻ ശ്രമിച്ച പോലീസുകാരനെ അടിച്ചതായും പറയപ്പെടുന്നു. നീബു സായിപ്പിന്റെ കൽപനപ്രകാരം ഉമർ ഖാദിയെ ചാവക്കാട് ജയിലിലടച്ചെങ്കിലും അദ്ദേഹം രക്ഷപ്പെട്ട വിവരമറിഞ്ഞ തുക്ടി സായിപ്പ് മലബാർ കലക്ടർക്ക് പ്രത്യേക സന്ദേശമയക്കുകയും അദ്ദേഹം ഉമർ ഖാദിയെ അറസ്റ്റ് ചെയ്യാൻ വലിയൊരു സംഘത്തെ അയക്കുകയും ചെയ്തു. ഉമർ ഖാദിയെ പിടികൂടി കലക്ടറുടെ മുമ്പാകെ ഹാജരാക്കാനായിരുന്നു ഉത്തരവെങ്കിലും ഉമർ ഖാദി സ്വമേധയാ മഞ്ചലിൽ കോഴിക്കോട്ടെത്തുകയായിരുന്നു. ഉമർ ഖാദിയെ അനുനയിപ്പിച്ച് മാപ്പു ചോദിപ്പിക്കാനും നികുതി അടക്കാൻ സമ്മതിപ്പിക്കാനും കലക്ടർ ശ്രമിച്ചുവെങ്കിലും തങ്ങളുടെ രാജ്യം അന്യായമായി കീഴടക്കി ഭരിച്ചുകൊണ്ടിരിക്കുന്ന അധിനിവേശശക്തിയോട് മാപ്പു ചോദിക്കുകയോ അവർക്ക് നികുതി കൊടുക്കുകയോ ചെയ്യുകയില്ലെന്ന ഉറച്ച നിലപാട് കലക്ടറോടും വെട്ടിത്തുറന്നു പറയുകയാണ് ഉമർ ഖാദി ചെയ്തത്. വഴങ്ങുകയില്ലെന്നു കണ്ടപ്പോൾ കലക്ടർ മെക്ലിൻ അദ്ദേഹത്തെ തുറുങ്കിലടക്കാൻ കൽപിച്ചു. 1819 ഡിസംബർ 18-നാണ് ഉമർ ഖാദി ജയിലിലടക്കപ്പെട്ടത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നതിന് ഒരു നൂറ്റാണ്ട് മുമ്പാണ് മലബാറിലെ ഒരു ഇസ്‌ലാമിക പണ്ഡിതൻ അധിനിവേശ ഭരണകൂടത്തിന് നികുതി നിഷേധിക്കുന്നതും അതിന്റെ പേരിൽ ജയിലിൽ പോകുന്നതും. താൻ ജയിലിലടക്കപ്പെട്ട വിവരം ജയിലിൽനിന്ന് ഒരു കവിതയിലൂടെ ഉമർ ഖാദി മമ്പുറം സയ്യിദ് അലവി തങ്ങളെ അറിയിച്ചപ്പോൾ അദ്ദേഹം ഇടപെട്ടാണ് ഉമർ ഖാദിയെ ജയിലിൽനിന്ന് മോചിപ്പിച്ചത്. അധിനിവേശ ഭരണകൂടത്തിന്റെ നിയമത്തോടും അതിന്റെ ഭരണക്രമത്തോടുമുള്ള ഉമർ ഖാദിയുടെ നിസ്സഹകരണനിലപാട് നിയമത്തിന്റെ മൗലിക സ്രോതസ്സുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ ദാർശനികപരിസരത്തുനിന്ന് രൂപപ്പെട്ടതായിരുന്നുവെന്ന് അദ്ദേഹം രചിച്ച താഴെ പറയുന്ന കാവ്യശകലങ്ങൾ വ്യക്തമാക്കുന്നു: "അല്ലാഹു അരുൾ ചെയ്യുന്നു. നിന്റെ നാഥനെ തന്നെയാണ് സത്യം. തിരുമേനിയുടെ തീരുമാനത്തെക്കുറിച്ച് അസ്വസ്ഥതയുള്ളവൻ സത്യവിശ്വാസിയല്ലതന്നെ. നിയമദാതാവിന്റെ (അല്ലാഹുവിന്റെ) നിർദേശത്തെക്കുറിച്ചുള്ള അസംതൃപ്തി നിമിത്തം തിരുമേനിയുടെ ആജ്ഞാനിർദേശങ്ങൾ സംതൃപ്തിയോടെ അനുസരിക്കുന്നതുവരെ വിശ്വാസിയാവുകയില്ല". ഏതു വിഷയത്തിലുമുള്ള നിയമദാതാവ് അല്ലാഹു മാത്രമാണെന്നും ആ നിയമത്തെ സർവാത്മനാ അനുസരിക്കുമ്പോൾ മാത്രമേ വിശ്വാസം പൂർത്തിയാകൂ എന്നുമാണ് ഉമർ ഖാദി കവിതയിലൂടെ വ്യക്തമാക്കുന്നത്. അധിനിവേശ ഭരണകൂടത്തിന്റെ നിയമങ്ങൾ, മുസ്‌ലിംകൾ അനുസരിക്കാൻ ബാധ്യസ്ഥമായ ദൈവപ്രോക്ത നിയമങ്ങൾക്ക് വിരുദ്ധമായതുകൊണ്ടുകൂടിയാണ് ഉമർ ഖാദി അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചത്.

## സാഹിത്യകാരൻ

പണ്ഡിതനും പ്രബോധകനും പോരാളിയും എന്നതോ

ടൊപ്പം ഭാവനാസമ്പന്നനായ ഒരു കവി കൂടിയായിരുന്നു ഉമർ ഖാദി. മലയാള സാഹിത്യത്തിൽ ഭക്തിപ്രസ്ഥാനം പ്രചാരം നേടിയ കാലഘട്ടത്തിലാണ് ഉമർ ഖാദി ജീവിച്ചത്. ഗദ്യസാഹിത്യം അന്ന് പൊതുവെ പുഷ്ടിപ്പെട്ടിരുന്നില്ല. അതിനാൽ വൈജ്ഞാനികവും സാഹിതീയവുമായ ആശയാവിഷ്കാരങ്ങൾക്ക് മറ്റു പണ്ഡിതന്മാരെ പോലെ ഉമർ ഖാദിയും പദ്യത്തെയാണ് ആശ്രയിച്ചത്. അറബിയിലും അറബിമലയാളത്തിലും അദ്ദേഹം കവിതകൾ രചിച്ചിട്ടുണ്ട്. വിവാഹം, കുടുംബജീവിതം, വിവാഹമോചനം തുടങ്ങിയവ പ്രതിപാദിക്കുന്ന *മഖാസ്വിദുന്നികാഹ്*, പ്രവാചക ചരിത്രവും നബികീർത്തനങ്ങളും അടങ്ങുന്ന *നഫാഇസുദ്ദുറർ* തുടങ്ങിയ വൈജ്ഞാനിക ഗ്രന്ഥങ്ങൾ പോലും അദ്ദേഹം രചിച്ചത് പദ്യരൂപത്തിലാണ്. ഇതിൽ *മഖാസ്വിദുന്നികാഹ്* ഇബ്നുഹജറിൽ മക്കിയുടെ പ്രശസ്ത കർമശാസ്ത്ര ഗ്രന്ഥമായ *തുഹ്ഫ*യിലെ വിവാഹനിയമങ്ങൾ പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഉപജീവിച്ചെഴുതിയതാണ്. ഉമർ ഖാദിയിലെ കാവ്യപ്രതിഭയെ ത്രസിപ്പിച്ച ഒരു പ്രധാന വിഷയം പ്രവാചകസ്നേഹമാണ്. ഒരു ഹജ്ജ് യാത്രയുടെ ഒടുവിൽ മദീനയിൽ റൗദാ ശരീഫിന്റെ കവാടത്തിൽ വെച്ച് അദ്ദേഹം ആലപിച്ചതായി പറയപ്പെടുന്ന നബികീർത്തനകാവ്യം ഏറെ പ്രശസ്തമാണ്. *സ്വല്ലൽ ഇലാഹു ബൈത്ത്* എന്ന പേരിൽ മലബാറിലും *ഖസ്വീദതുൽ ഉമരിയ്യഃ* എന്ന പേരിൽ അറബ് നാടുകളിലും ഈ കവിത പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

95 വയസ്സ് വരെ കർമനിരതമായ ജീവിതം നയിച്ച ഉമർ ഖാദി 1273/1844-ൽ മരണപ്പെട്ടു. വെളിയങ്കോട് ജുമുഅത്ത് പള്ളി ഖബ്റിസ്ഥാനിൽ മറവ് ചെയ്യപ്പെട്ടു.

ktmhussain@yahoo.co.in

**അടുത്ത ലക്കത്തിൽ:**

**സനാഉല്ലാ മഖ്ദി തങ്ങൾ**